## പതിനാലാം കേരള നിയമസഭ

## ഇരുപത്തി രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.365 — 12.01.2021 ൽ മറുപടിയ്ക്ക്

## ഭക്ഷ്യവകുപ്പ് നടത്തിയ ഇടപെടലുകൾ

**ചോദ്യം**
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിക്കുമ്പോഴും സർക്കാർ കാര്യമായ ഇടപെടൽ നടത്താത്തതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കോവിഡ് പ്രതിസന്ധി മൂലവും ലോക്ഡൗൺ മൂലമുള്ള തൊഴിൽ നഷ്ടവും കാരണം കഷ്ടതയിലായ ജനങ്ങളെ സഹായിക്കുന്നതിനായി ഭക്ഷ്യവകുപ്പ് എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് അറിയിക്കാമോ; | (ബി) | ലോക്ഡൗണും തൊഴിൽ നഷ്ടവും മൂലം കഷ്ടത്തിലായവരെ സഹായിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. PHH/AYY കാർഡുകൾക്ക് സൗജന്യ റേഷൻ (ഏപ്രിൽ)<br>2. NPS/NPNS കാർഡുടമകൾക്ക് 15 കിലോ അരി സൗജന്യമായി നല്കി. (ഏപ്രിൽ)<br>3. റേഷൻ കാർഡില്ലാത്തവർക്ക് ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ കുടുംബത്തിൽ ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)<br>4. അനാഥാലയങ്ങളിലും ധർമ്മ സ്ഥാപനങ്ങളിലും താമസിക്കുന്നവർക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ)<br>5. തൊഴിൽ നഷ്ടപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം നല്കി. (ഏപ്രിൽ) |

| | | | |
|---|---|---|---|
| | | | 6. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഒരംഗത്തിന് 5 കിലോ അരി വീതം 2 മാസം നല്കി.<br><br>7. ഇവ കൂടാതെ PMGKAY പ്രകാരം BPL കുടുംബങ്ങളിൽ ഒരാൾക്ക് 4 കിലോ അരിയും 1 കിലോ പയറുവർഗ്ഗവും നവംബർ മാസം വരെ നല്കി.<br><br>8. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്കു ഭക്ഷ്യകിറ്റ് വിതരണം ചെയ്തു.<br><br>റേഷൻ കാർഡുടമകൾക്ക് പുറമെ, സംസ്ഥാനത്തെ എല്ലാ അഗതിമന്ദിരങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ആശ്രമങ്ങൾ, കോൺവെൻറുകൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും കോവിഡ് അതിജീവനക്കിറ്റുകൾ നൽകുന്നുണ്ട്. ഇതിനു പുറമെ, ലോക്ക്ഡൗൺ കാലയളവിൽ, സംസ്ഥാനത്ത് തുറന്ന സമൂഹ അടുക്കളകൾക്കായി 70 ലക്ഷം രൂപയുടെ അവശ്യസാധനങ്ങളും സമ്പർക്ക വിലക്കിലുള്ളവർക്കായി കാൽ ലക്ഷത്തോളം ഭക്ഷ്യകിറ്റുകളും സപ്ലൈകോ മുഖേന വിതരണം ചെയ്തു. ഭക്ഷ്യഭദ്രതാ അലവൻസ് ആയി എം.ഡി.എം.എസ്. പദ്ധതിയിൽപ്പെട്ട 26 ലക്ഷം സ്കൂൾ വിദ്യാർത്ഥികൾക്കായി (രണ്ട് തവണ) ഭക്ഷ്യകിറ്റുകൾ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു. |
| (സി) | കമ്പോള ഇടപെടലിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 2020-21 ൽ സർക്കാർ എന്ത് സഹായമാണ് നല്കിയതെന്നും അതിൽ എത്ര തുക ഇതിനകം വിനിയോഗിച്ചുവെന്നും വെളിപ്പെടുത്താമോ? | (സി) | 2020-21 സാമ്പത്തിക വർഷം, വിപണി ഇടപെടൽ ശീർഷകത്തിൽ നിന്നും സർക്കാർ സപ്ലൈകോയ്ക്ക് അനുവദിച്ച 1989.79 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ